**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4418** **18-03-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതികളിലെ ബാറ്ററി സ്റ്റോറേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സോളാർ പദ്ധതികളിൽ വൈദ്യുതി സ്റ്റോറേജ് ചെയ്യുന്നതിനുള്ള ബാറ്ററി സംവിധാനം കേന്ദ്രം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന **പി. എം. സൂര്യ ഘർ** പുരപ്പുറ സോളാർ പദ്ധതിയിൽ ബാറ്ററി ഉൾപ്പെടുത്തുന്നതിനുള്ള ഒരു നിർദേശം പുറത്തിറക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദേശം നിർബന്ധമാക്കിയിട്ടില്ല. കേന്ദ്ര വൈദ്യുതി അതോറിറ്റി (Central Electricity Authority) പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം, സോളാർ പ്ലാന്റുകളിൽ ഉൽപാദന ശേഷിയുടെ 10% (കുറഞ്ഞത് രണ്ട് മണിക്കൂർ) വൈദ്യുതി സംഭരിക്കാൻ ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് സംവിധാനം നിർദേശിച്ചിട്ടുണ്ട്. 2030 ഓടെ 14 ജിഗാവാട്ട് വൈദ്യുതി സംഭരണ ശേഷി കൈവരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | സംസ്ഥാനത്ത് ബാറ്ററി സ്റ്റോറേജ് സംവിധാനം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിന് ഉപഭോക്താക്കൾക്ക് എന്തെങ്കിലും സബ്സിഡി ആനുകൂല്യം ലഭ്യമാകുമോയെന്നും വിശദമാക്കുമോ? | (ബി) | ഇല്ല. ബാറ്ററി സ്ഥാപിക്കുന്നതിനു വേണ്ടിയും സബ്സിഡി അനുവദിക്കണമെന്ന് കെ. എസ്. ഇ. ബി. എൽ. 24.10.2024-ന് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തോട് (എം. എൻ. ആർ. ഇ.) ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ